"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പി.എം.ജി.എസ്.വൈ പദ്ധതിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാർക്ക് ഓണറേറിയം, റ്റി.എ. മുതലായവ പുതുക്കിയ നിരക്കിൽ അനുവദിക്കുന്നതിനു അനുമതി നൽകിയും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1536/2025/LSGD തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:- 1. സ.ഉ(സാധാ) നമ്പർ.3125/2007/LSGD തീയതി 17.11.2007
2 കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ 17.03.2021 ,01.02.2022 തീയതികളിലെ 636/A/General/2020/KSRRDA നമ്പർ കത്ത്.
3. കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ 20.05.2022, 08.12.2022, 30.04.2025 തീയതികളിലെ 759/A/2021/KSRRDA നമ്പർ കത്ത്.

**ഉത്തരവ്**

പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ക്വാളിറ്റി മോണിറ്ററിംഗിനായി ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി മോണിറ്റർമാരെയും സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെയും നിയമിക്കാൻ വ്യവസ്ഥയുണ്ട്. നാഷണൽ ക്വാളിറ്റി മോണിറ്റർമാരുടെ ആനുകൂല്യങ്ങൾ നിശ്ചയിച്ചുകൊണ്ട് എൻ.ആർ.ആർ.ഡി.എ. സർക്കുലർ പുറപ്പെടുവിച്ചിരുന്നുവെങ്കിലും സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരുടെ ഓണറേറിയം (honorarium), റ്റി.എ. മുതലായ നിരക്കുകൾ സംസ്ഥാന തലത്തിൽ നിശ്ചയിച്ചിരുന്നില്ല. ആയതിനാൽ പരാമർശം (1) പ്രകാരം നാഷണൽ ക്വാളിറ്റി മോണിറ്റർമാരുടെ അതേ നിരക്കിൽ സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർ മാർ ക്ക് ഓണറേറിയം, റ്റി.എ. എന്നിവ അനുവദിച്ചിരുന്നു. ആയത് തുടർന്നു വരവേ നാഷണൽ ക്വാളിറ്റി മോണിറ്റർമാരുടെ അതെ നിരക്കിൽ സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്ന നടപടി ക്രമപ്രകാരമല്ലെന്ന് ഗ്രാമ വികസന മന്ത്രാലയത്തിന്റെ ഇന്റേർണൽ ഓഡിറ്റിൽ നിർദേശിക്കുകയും സംസ്ഥാന സർക്കാരിനോട് നിരക്കുകളുടെ 'എക്സ്പോസ്റ്റ് ഫാക്ടോ' റിവിഷന് അഭ്യർത്ഥിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരുടെ ഓണറേറിയം, റ്റി.എ. മുതലായവ നിശ്ചയിക്കാനായി പുതുക്കിയ കരട് മാർഗനിർദ്ദേശങ്ങൾ പരാമർശം (3) പ്രകാരം കെ.എസ്.ആർ.ആർ.ഡി.എ. ചീഫ് എഞ്ചിനീയർ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.ജി.എസ്.വൈ പദ്ധതിയിലെ സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരുടെ ഓണറേറിയം, റ്റി.എ. മുതലായവയുടെ പുതുക്കിയ നിരക്ക്, ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി 08.12.2022 മുതൽ

പ്രാബല്യത്തിൽ അനുവദിക്കുന്നതിനു അനുമതി നൽകിയും പ്രസ്തുത തീയതിക്ക് മുൻപു വരെ നാഷണൽ ക്വാളിറ്റി മോണിറ്റർമാരുടെ അതേ നിരക്കിൽ ഓണറേറിയവും റ്റി.എ.യും അനുവദിച്ച നടപടി സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

1. എസ്.ക്യു.എം മാർക്ക് റ്റി.എ/ഡി.എ അനുവദിക്കുമ്പോൾ ഗ്രേഡ് 2(b) ഓഫീസർമാർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ/നിരക്കുകൾ മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. സ്ഥിരം താമസ സ്ഥലത്തു നിന്നും ജില്ലാ ഹെഡ്ക്വാർട്ടേഴ്സിലേക്ക് യാത്രയ്ക്കായി പൊതുഗതാഗത സൗകര്യം ഉപയോഗിക്കേണ്ടതാണ്.ക്ലെയിമിനായി ടിക്കറ്റുകൾ സമർപ്പിച്ച് യഥാർത്ഥ ചെലവ് ക്ലെയിം ചെയ്യാവുന്നതാണ്. സ്വന്തം വാഹനം ഉപയോഗിക്കുന്ന സാഹചര്യത്തിൽ ആയതിനുള്ള ക്ലെയിം ക്ലാസ് 2(b) സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ റോഡ്/ റെയിൽ നിരക്കുകളിൽ നിജപ്പെടുത്തി നൽകുന്നതാണ്. ഡെയ്‌ലി അലവൻസ് അനുവദിക്കുന്ന സാഹചര്യത്തിൽ പ്രത്യേക "ഇൻസിഡന്റൽ" എക്സ്പെൻസ് അനുവദിക്കുന്നതല്ല. യാത്രയ്ക്കായി ഏറ്റവും ചുരുങ്ങിയ ദൂരമുള്ള റൂട്ട് തെരഞ്ഞെടുക്കേണ്ടതാണ്.

2. ഇൻസ്പെക്ഷനുവേണ്ടി പി.ഐ.യു ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും വർക്ക് സൈറ്റുകളിലേയ്ക്ക് പി.ഐ.യു ഓഫീസ് വാഹനം ഉപയോഗിക്കേണ്ടതാണ്. പ്രസ്തുത വാഹനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടാക്സി സൗകര്യം പി.ഐ.യു ഏർപ്പെടുത്തി നൽകേണ്ടതാണ്. പി.ഐ.യു മേധാവി ക്വാളിറ്റി മോണിറ്ററിംഗിനുള്ള ഭരണചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തി ഇത് കെ.എസ്.ആർ.ആർ.ഡി.എ യിൽ നിന്നും ക്ലെയിം ചെയ്തു വാങ്ങേണ്ടതാണ്.

3. അടിയന്തിര സാഹചര്യങ്ങളിൽ എംപവേർഡ് ഓഫീസറുടെ മുൻകൂർ അനുമതിയോടുകൂടി സ്ഥിര താമസ സ്ഥലത്തുനിന്നും ജില്ലാ ഹെഡ്ക്വാർട്ടേഴ്സിലേക്ക് യാത്രയ്ക്കായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ടാക്സി ഉപയോഗിക്കാവുന്നതാണ്. ടാക്സി ചാർജ്ജിന്റെ ക്ലെയിമിന് ട്രിപ്പ് ഷീറ്റ് ഹാജരാക്കേണ്ടതാണ്.

4. സ്ഥിരം താമസ സ്ഥലത്തു നിന്നും തൊട്ടടുത്ത റെയിൽവേ/ ബസ് ടെർമിനലുകളിലേയ്ക്ക് ഒരു പോക്കുവരവിന് 350 രൂപ അനുവദിയ്ക്കാവുന്നതാണ്.

5. ഡെയ്‌ലി അലവൻസ് 500 രൂപ നിരക്കിൽ, ദിവസം ആറുമണിക്കൂറിൽ കൂടുതലുള്ള യാത്രകൾക്കും ഇൻസ്പെക്ഷനുമായി നൽകേണ്ടതാണ്. ആറു മണിക്കൂറിൽ കുറവാണെങ്കിൽ ഡി.എ നൽകേണ്ടതില്ല. ബോർഡിംഗും ലോഡ്ജിംഗും സൗജന്യമായി ലഭ്യമാക്കിയിട്ടുള്ള പക്ഷം ¼ ഡെയ്‌ലി അലവൻസ് നിരക്ക് അനുവദനീയമാണ്.

6. സർക്കാർ റസ്റ്റ് ഹൗസ്/ ഗസ്റ്റ് ഹൗസ് ഉള്ള സ്ഥലങ്ങളിൽ പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്.

7. ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ട് സർക്കാർ റസ്റ്റ് ഹൗസ്/ ഗസ്റ്റ് ഹൗസ് സൗകര്യം

ഉപയോഗപ്പെടുത്തുന്ന അവസരത്തിൽ, റസീപ്റ്റ് ഹാജരാക്കുന്ന പക്ഷം ലോഡ്ജിംഗ് ക്ലെയിം ചെയ്യാവുന്നതും ലോഡ്ജിംഗ് ക്ലെയിം പരമാവധി 2500/- രൂപയായി നിജപ്പെടുത്തി അനുവദിക്കാവുന്നതുമാണ്. ലോഡ്ജിംഗ് ക്ലെയിം സമർപ്പിക്കുന്ന സാഹചര്യത്തിൽ ബില്ലുകളിൽ ബിൽ നമ്പർ, ജി.എസ്.ടി നമ്പർ എന്നിവ ഉറപ്പ് വരുത്തേണ്ടതാണ്. താമസിച്ചിരുന്ന എസ്.ക്യു.എം ന്റെ പേര് ബില്ലിൽ ഉണ്ടായിരിക്കണം. സൗജന്യ ലോഡ്ജിംഗ് ലഭ്യമായില്ല എന്ന വിവരവും ലോഡ്ജിംഗ് ബിൽ തുക സ്വന്തം കൈയിൽ നിന്ന് ചെലവായി എന്നതും ഒരു സാക്ഷ്യപത്രമായി സമർപ്പിക്കണം. ദീർഘദൂര യാത്രകൾ ആവശ്യമായി വരുന്ന ജില്ലകളിലേയ്ക്ക് "എസ്.ക്യു.എം" മാരെ നിയോഗിക്കുമ്പോൾ അത് തൊട്ടടുത്ത് വരുന്ന ദിവസങ്ങളിലായി ക്രമീകരിക്കുന്നതിന് സ്റ്റേറ്റ് ക്വാളിറ്റി കോ-ഓർഡിനേറ്റർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ലോഡ്ജിംഗ് ക്ലെയിമിനേക്കാൾ അധിക ചെലവ് വരത്തക്ക രീതിയിൽ എസ്.ക്യു.എം ന്റെ സ്ഥിരതാമസ സ്ഥലത്തേയ്ക്ക് ദൈനംദിന യാത്രയ്ക്കുള്ള ക്ലെയിം അനുവദിക്കുന്നതല്ല.

8. Reporting, Internet അലവൻസ് എന്നിവ 28/09/2020 ലെ കേന്ദ്ര സർക്കാരിന്റെ സർക്കുലർ പരാമർശിച്ചിരിക്കുന്ന അതേ നിരക്കിൽ യഥാക്രമം ഒരു ജില്ലയ്ക്ക് 400 രൂപ, പ്രതിമാസം 200 രൂപ എന്ന നിരക്കിൽ അതേ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണ്. Internet അലവൻസ് മാസത്തിൽ കുറഞ്ഞത് അഞ്ച് ഇൻസ്പെക്ഷനെങ്കിലും നടത്തിയിട്ടുള്ള എസ്.ക്യു.എം നാണ് അനുവദിക്കുന്നത്.

9. ഒരു ദിവസത്തെ ഇൻസ്പെക്ഷന് 5000 രൂപ ഓണറേറിയം നൽകുന്നതാണ്. മെയിന്റനൻസ് ഇൻസ്പെക്ഷൻ നിർമ്മാണ ഘട്ടത്തിലുള്ള ഇൻസ്പെക്ഷനേക്കാൾ ലഘുവായ പ്രക്രിയ ആയതിനാൽ ഒരു ദിവസം ഒന്നിൽ കൂടുതൽ മെയിന്റനൻസ് ഇൻസ്പെക്ഷനുകൾ ക്രമീകരിച്ച് നൽകുന്നതിന് സ്റ്റേറ്റ് ക്വാളിറ്റി കോ-ഓർഡിനേറ്റർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. എ.റ്റി.ആർ പോലെയുള്ള ഹ്രസ്വമായ ഇൻസ്പെക്ഷനുകൾ പ്രസ്തുത ഇൻസ്പെക്ഷനോടൊപ്പം ഒരേ ജില്ലയിൽ സജ്ജീകരിച്ച് നൽകുന്നതിനും സ്റ്റേറ്റ് ക്വാളിറ്റി കോ-ഓർഡിനേറ്റർ ശ്രദ്ധിക്കേണ്ടതാണ്. സംസ്ഥാനത്തിനകത്തുള്ള മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് ഓണറേറിയം അനുവദിക്കുന്നതല്ല. എന്നാൽ മേൽ ഖണ്ഡിക പ്രകാരമുള്ള നിരക്കിൽ യാത്രാചിലവ് അനുവദിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. മെമ്പർ സെക്രട്ടറിയുടെ/ എസ്.ക്യു.സി യുടെ നിർദേശ പ്രകാരം സംസ്ഥാനത്തിന് പുറത്ത് പങ്കെടുക്കുന്ന യോഗങ്ങൾ/പരിശീലന പരിപാടികൾ മുതലായവയ്ക്ക് 28/09/2020 ലെ കേന്ദ്ര സർക്കാരിന്റെ സർക്കുലർ പരാമർശ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പരമാവധി 10 ദിവസത്തേയ്ക്ക് മാത്രം നിജപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ പ്രതിദിനം 5000 രൂപ ഓണറേറിയം അനുവദിക്കുന്നതാണ്.

10. ഓണറേറിയം, ടിഎ/ഡിഎ എന്നിവ തൻവർഷം അനുവദനീയമായ 0.5% ഭരണ ചെലവിൽ കൂടുതൽ ഒരു കാരണവശാലും അധികരിക്കാൻ പാടില്ല. ഇത് ഉറപ്പ് വരുത്തുന്നതിനായി ഇൻസ്പെക്ഷൻ നിർവ്വഹിച്ച് തൊട്ടടുത്ത മാസം തന്നെ ആയതിന്റെ ക്ലെയിം കെ.എസ്.ആർ.ആർ.ഡി.എ യിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഒരു വർഷത്തിൽ അധികരിക്കാത്ത ക്ലെയിമുകൾ എംപവേർഡ് ഓഫീസർക്ക്

വിവേചനാധികാരത്തോടെ അനുവദിക്കാവുന്നതും അതിന് മുകളിലുള്ള ക്ലെയിമുകൾ സർക്കാരിന്റെ അനുമതിയോടുകൂടി മാത്രം അനുവദിക്കേണ്ടതുമാണ്.

**<u>നിരക്കുകളുടെ സംഗ്രഹം</u>**

| ക്രമനം. | ഇനം | ഇപ്പോൾ അനുവദിച്ചു വരുന്ന നിരക്ക് (തുക രൂപയിൽ) | 28.09.2020 തീയതിയിലെ എൻ.ആർ.ഐ.ഡി.എ സർക്കുലർ പ്രകാരം പുതുക്കിയ നിരക്ക് (തുക രൂപയിൽ) |
|---|---|---|---|
| 1. | Honorarium | 5000 | 5000 |
| 2. | DA | 400 | 500 |
| 3. | Charges for travelling from Residence to nearest Railway Station/ Bus stand | 350 (fixed ) | 350 (fixed for one to and fro journey) |
| 4. | Reporting Allowance | 200 | 400 |
| 5. | Internet Allowance | 200 | 200 |
| 6. | Lodging (Ceiling) | 2500 | 2500 (Maximum subject to the presentation of Bill) |
| 7. | Taxi charge | 16/ km | On emergency situation based on actual bill limited to Government rates for Sedan Cars. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി,കെ.എസ്.ആർ.ആർ.ഡി.എ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ,കെ.എസ്.ആർ.ആർ.ഡി.എ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( 15.01.2025 ലെ Dev-1/20/2018-FIN (E:704399)പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 21-06-2025 11:52:52

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി